# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ഇഗ്നേഷ്യസ് ലൊയോള



ജനനം: 1491
സ്ഥലം: സ്പെയ്നിലെ അസ്പേഷ്യാ
മരണം: 1556
വാഴ്ത്തപ്പെട്ടവൻ: 1609 ജൂലൈ 27
വിശുദ്ധ പദവി: 1622 മാർച്ച് 13

### ലൊയോള കുടുംബം

സ്പെയിനിലെ അസ്പേഷ്യായിൽ പരമ്പരാഗതമായി ജന്മിത്വം അവകാശപ്പെടുന്ന ഒരു പ്രഭുകുടുംബം-ലൊയോള കുടുംബം. രാജകുടുംബമായി നല്ല മമത പുലർത്തിപോരുന്ന ഒരു പ്രഭുവംശം. രാജകുടുംബമായി മമതയിലാവുകയെന്നാൽ, പള്ളിയും അതിന്റെമേൽ പട്ടക്കാരുമായി ബന്ധപ്പെട്ട് നിൽക്കുക എന്നൊരു അർത്ഥംകൂടി അക്കാലത്ത് ഉണ്ടായിരുന്നു. 1414- ആയപ്പോഴേയ്ക്കും പാംപ്ലോണം രൂപതയുടെ ഭരണസാരഥ്യം തന്നെ ഈ കുടുംബത്തിന്റെ കൈകളിൽ എത്തിച്ചേർന്നു. ബനഡിക്റ്റ് പതിമൂന്നാമൻ മാർപാപ്പ ഇതിന് നിയമപരമായ സാധുതയും നല്കി. എന്നാൽ സാധാരണ ജനങ്ങൾ ഇത് അംഗീകരിച്ച് കൊടുക്കുവാൻ തയ്യാറായില്ല. പാവപ്പെട്ടവർ വ്യവഹാരവും, കോടതിയും കയറി നീതിക്കുവേണ്ടി നടക്കുമ്പോൾ ലൊയോള കുടുംബം അധികാരം ദുർവിനിയോഗം ചെയ്യുന്നതിൽ ജനത്തിന്റെ അതൃപ്തി വർദ്ധിച്ചു. ധാരാളം സമ്പത്ത് ഈ കുടുംബം വാരിക്കൂട്ടി. ലൊയോള കുടുംബത്തിലെ ഒരു പെൺകുട്ടിക്ക് അവളുടെ ഓഹരി മാത്രം എൺപതിനായിരത്തിലധികം ഏക്കർ ഭൂമി ഉണ്ടായിരുന്നുപോലും!

### ഇനീഗോ എന്ന ഇഗ്നേഷ്യസ്

ലൊയോള കുടുംബത്തിലെ ബൽട്രാൻ മരീന ദമ്പതികളുടെ പതിമൂന്നാമത്തെ പുത്രനായി ഇനീഗോ ജനിച്ചു. ലൊയോള കുടുംബത്തിലെ ആൺപ്രജകളിൽ അധികവും രാജത്വത്തിന്റെ അവകാശങ്ങളിൽ ജീവിതം തളച്ചിട്ടു. മറ്റു ചിലർ സ്വന്തം സ്വത്തുക്കളുടെ സംരക്ഷകരും കാര്യവിചാരിപ്പുകാരുമായി. എന്നാൽ ബൽട്രാന് പള്ളിയുടെയും മേൽപട്ടക്കാരുടെയും കാര്യങ്ങളിലായിരുന്നു താല്പര്യം. മരീനയുടെ കുടുംബപശ്ചാത്തലവും ഒട്ടും മോശമായിരുന്നില്ല. മരീനയുടെ പിതാവായ മാർട്ടിൻ ഒരു സൈന്യാധിപൻകൂടിയായിരുന്നു. 1476-ന് ശേഷം ഫ്രഞ്ച് അധിനിവേഷത്തിനെതിരെ ഈ പട്ടാളക്കാരൻ പൊരുതിനിന്നു. ഇനീഗോയുടെ ജനനവും നാളും ഒന്നും കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. എങ്കിലും

1556-ൽ ഇനീഗോയുടെ മരണശേഷം റോമിൽ സമ്മേളിച്ച ഈശോ സഭാ വൈദികരുടെ നിഗമനത്തിൽ 1491-ൽ ഇനീഗോ ജനിക്കുന്നു. ഇനീഗോ ലോപ്പസ് ലൊയോള എന്നായിരുന്നു ജ്ഞാനസ്നാനപ്പേര്. വളർച്ചയുടെ പാതിവഴിയിൽ എവിടെയോവച്ച് ഇനീഗോ തന്റെ പേര് ഒന്ന് പരിഷ്കരിച്ച് 'ഇഗ്നേഷ്യസ്' എന്നാക്കി.

## മാതൃഗേഹം വിടുന്നു

1507-ൽ ഇഗ്നേഷ്യസ് തന്റെ മാതൃഭവനം വിട്ടുപോരുന്നത് കാണാം. അതിന് പ്രത്യേകിച്ച് കാരണങ്ങളൊന്നും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. വീട് വിട്ടിറങ്ങിയ അവൻ ചെന്നെത്തിയത് കൊട്ടാരത്തിലെ പ്രധാന ഭണ്ഡാരസൂക്ഷിപ്പുകാരനായ ജ്ജുവാൻ വലാസ് ക്വസിന്റെ ഭവനത്തിലും! അവിഹിതബന്ധങ്ങൾക്കും അനേകം ജാരജന്മങ്ങൾക്കും കുപ്രസിദ്ധി നേടിയ മറ്റൊരു പ്രഭുകുടുംബം! പത്തുവർഷം ഇഗ്നേഷ്യസ് സമ്പത്തിലും സമൃദ്ധിയിലും ജ്ജുവാന്റെ ഒപ്പം താമസിച്ചു. അവിടെവച്ച് അവൻ ദുർനടപ്പ് ആരംഭിച്ചു. മകന്റെ ദുർനടപ്പും അനുസരണക്കേടും കണ്ടിട്ട് അമ്മ മരീന ഒരിക്കൽ ഇപ്രകാരം പറഞ്ഞു."നിന്റെ കാൽമുട്ട് ആരെങ്കിലും തല്ലി ഒടിക്കുമ്പോഴല്ലാതെ നിനക്ക് സുബോധം ഉണ്ടാകില്ല. ഉർവ്വശീശാപംപോലെ ഇത് പിന്നീട് ഇഗ്നേഷ്യസിന്റെ ജീവിതത്തിൽ സംഭവിച്ചു. അവന്റെ കാൽമുട്ടിന് വെടിയേറ്റു. ജീവിതകാലം മുഴുവൻ മുടന്തി മുടന്തി നടന്നു.

## കുട്ടികളേ,

നിങ്ങൾ എല്ലായ്പ്പോഴും നിങ്ങളുടെ മാതാപിതാക്കളെ അനുസരിക്കണം. നിങ്ങളെ മനംനൊന്ത് ശപിക്കാൻ അവർക്ക് ഇടനൽകരുത്. മറിച്ച് അവരുടെ അനുഗ്രഹം നിങ്ങൾ നേടിയെടുക്കണം. എങ്കിൽ ജീവിതത്തിൽ വിജയിക്കാം. ഇതിനിടയിൽ തന്റെ വിജ്ഞാനം ഒന്ന് വിപുലീകരിച്ചാൽ കൊള്ളാമെന്ന ആഗ്രഹം അവനിൽ ഉടലെടുത്തു. അതിനായി അവൻ പുസ്തകങ്ങൾ അന്വേഷിച്ചു. വിശുദ്ധ അഗസ്റ്റിൻ, ജോൺ ക്രിസോസ്റ്റം തുടങ്ങിയവരുടെ പുസ്തകങ്ങളും ക്രിസ്ത്വാനുകരണവും വായിച്ചുതീർത്തു. എന്നാൽ പേരിനും പ്രശസ്തിക്കും മാത്രം മോഹിച്ച അവന് ഇത് സ്വീകാര്യമായി തോന്നിയില്ല. എഴുത്തിനും, വായനയ്ക്കുമപ്പുറം യുദ്ധനൈപുണ്യത്തിലൂടെ മാത്രമേ, ഈ ലോകത്തിൽ എന്തെങ്കിലും നേടാൻ കഴിയൂ എന്നവൻ ചിന്തിച്ചു.

## ഒരു ധീരയോദ്ധാവ്

ഒരു ധീരയോദ്ധാവാകണമെന്ന് അവൻ തീരുമാനിച്ചു. നജേരാപ്രഭു അവന്റെ തീരുമാനത്തിന് പച്ചകൊടിക്കാട്ടി. ഇപ്പോൾ ഇഗ്നേഷ്യസിന് വയസ്സ് ഇരുപത്തിയാറ്. കത്തോലിക്കനായ ഫെർഡിനാന്റ് ചക്രവർത്തിയുടെ കീഴിൽ അദ്യ പടയോട്ടത്തിന് തുടക്കം കുറിച്ചു. ചക്രവർത്തിയുടെ വിശ്വസ്തനായി അവൻ മാറി. അധികം താമസിക്കാതെ മെഡിറ്ററേനിയൻ തീരങ്ങളുടെ മേൽനോട്ടക്കാരനായി ഇഗ്നേഷ്യസ് നിയമിതനായി. അധികനാൾ കഴിയുംമുമ്പ് ചക്രവർത്തി മരണമടഞ്ഞു. ഭണ്ഡാര വിചാരിപ്പുകാരനും തന്റെ പഴയ സുഹൃത്തുമായ ജ്ജുവാൻ അധികാരം രാജ്ഞിയിൽനിന്ന് കവർന്നെടുത്ത് ഏകാധിപതിയായി. എന്നാൽ ഈ ഭരണം അധികനാൾ നീണ്ടുനിന്നില്ല. ജ്ജുവാൻ വലാസ് ക്വസ് മാൻഡ്രിസിൽ വെച്ച് പതിനായിരം സൈന്യത്തോടൊപ്പം വിധിക്ക് കീഴടങ്ങി. 1517-ൽ ആഗസ്റ്റ് 12-ന് ജ്ജുവാൻ ഈ ലോകത്തോട് യാത്ര പറഞ്ഞു. അപ്പോൾ തീർത്തും ഒറ്റപ്പെട്ടത് ഇഗ്നേഷ്യസാണ്.

## പുതിയ പ്രഭുവിന്റെ പരിസേവകൻ

അവൻ തളർന്നു. ജോലി ഇല്ല; കൈയ്യിൽ പണവും ഇല്ല. നിരാശയിലേക്ക് വഴുതിവീണുകൊണ്ടിരുന്ന ഇഗ്നേഷ്യസിനെ ജ്ജുവാന്റെ വിധവ സഹായിച്ചു. പ്രഭ്വി കുറച്ച് പണം അവന് നൽകി. പ്രഭ്വിയുടെ നിർദ്ദേശപ്രകാരം നവാരയിലെ വൈസ്രോയിയായ അന്റോണിയോ മാന്രീക്കിനെ പോയിക്കണ്ടു. ആ സന്ദർശനം ഫലമണിഞ്ഞു. ഈ പ്രഭു തന്റെ പരിസേവകന്മാരിൽ ഒരാളായി ഇഗ്നേഷ്യനെ നിയമിച്ചു. അവൻ തന്റെ കഴിവും സാമർത്ഥ്യവും ജോലിയിൽ പ്രകടിപ്പിച്ചു. അധികം താമസിക്കാതെ അസ്പേഷ്യ, ആസ്ക്കേയ്ഷ്യ എന്നീ പ്രവിശ്യകളെ സംബന്ധിച്ച ഒരു ആഭ്യന്തരകലാപത്തിന്റെ പ്രശ്നത്തിൽ മാദ്ധ്യസ്ഥം വഹിക്കാൻ ഇഗ്നേഷ്യസ് തിരഞ്ഞെടുക്കപ്പെട്ടു. ദൂരവ്യാപകമായ ഫലം ഈ ചർച്ചയിലൂടെ ഉണ്ടായി. അതോടുകൂടി ഇഗ്നേഷ്യസ് ചക്രവർത്തിയുടെ പ്രശംസയ്ക്ക് പാത്രമായി. എന്നാൽ ഫ്രാൻസിന്റെ രാജാവായ ഫ്രൻസീസ് ഒന്നാമൻ ഈ സഖ്യം തകർക്കാൻ ശ്രമിച്ചു. പന്ത്രണ്ടായിരത്തോളം വരുന്ന കലാൾപ്പടയുമായി പാംപ്ലോണ നഗരത്തെ ലക്ഷ്യമാക്കി നീങ്ങുകയും ചെയ്തു. ഫ്രഞ്ച് സൈന്യത്തെ തുരത്തിയേ അടങ്ങു എന്ന ചിന്തയോടെ ഇഗ്നേഷ്യസും മുന്നോട്ടുനീങ്ങി. കോട്ടമതിലിന് ചുറ്റും ഫ്രഞ്ച്

സൈന്യം അണിനിരന്നു. ഇഗ്നേഷ്യസിന്റെ സൈന്യം കോട്ടയ്ക്ക് ഉള്ളിലും. വലിയ കല്ല് ഉരുട്ടിയിട്ട് ഫ്രഞ്ച് സൈന്യത്തെ തുരത്തുക എന്നതായിരുന്നു ഇഗ്നേഷ്യസ് സ്വീകരിച്ച രീതി. എന്നാൽ കരുതലോടെ വന്ന ഫ്രഞ്ച് സൈന്യം കോട്ടയ്ക്ക് ചുറ്റും പീരങ്കികൾ ഒളിപ്പിച്ചു വച്ചു.

## ഗ്രുവാരയുടെ പ്രവചനം ഇടിത്തീപോലെ.

1521 മെയ്യ് 23 അമ്മ മരീന ദെ ഗ്രുവാരയുടെ പ്രവചനം ഒരു ശാപം പോലെ ഇഗ്നേഷ്യസിന്റെ ജീവിതത്തിലേയ്ക്ക് കടന്നുവന്നു. അപ്രതീക്ഷിതമായി കടന്നുവന്ന പീരങ്കി അവന്റെ വലതുകാലിൽ പതിച്ചു. അവർ ഫ്രഞ്ച് സൈന്യത്തിന് കീഴ്‌വഴങ്ങി. ഫ്രഞ്ച് പട്ടാളക്കാർതന്നെ അവനെ ആശുപത്രിയിൽ എത്തിച്ചു. ഡോക്ടർമാർ അന്തിമവിധിയെഴുതി. അന്ത്യകൂദാശകൾ നൽകപ്പെട്ടു. എന്നാൽ ദൈവത്തിന്റെ പ്രത്യേക ഇടപെടലും വിശുദ്ധ പത്രോസിന്റെ മാദ്ധ്യസ്ഥവും നിമിത്തം ഇഗ്നേഷ്യസ് ആ രാത്രിയെ അതിജീവിച്ച് വീണ്ടും ജീവിതത്തിലേക്ക് തിരികെപോന്നു. പക്ഷേ ആ തിരിച്ചുവരവ് ഒരു മുടന്തൻ കുതിരയെ പോലെയായിരുന്നുവെന്നുമാത്രം. വലതുകാൽ നേരെയാക്കുവാനുള്ള ഓപ്പറേഷനൊന്നും വിജയിച്ചില്ല. ജീവിതാവസാനംവരെ ഒരുകാൽ വലിച്ചുവെച്ചുകൊണ്ടാണ് അദ്ദേഹം നടന്നത്.

## എന്തുകൊണ്ട് തനിക്കും വിശുദ്ധനായിക്കൂടാ

അശുപത്രിയിലെ വിരസതമാറ്റാൻ ആഗ്രഹിച്ച ഇഗ്നേഷ്യസിനു മുന്നിൽ പണ്ട് താൻ വായിച്ച് വലിച്ചെറിഞ്ഞ ക്രിസ്തുനാഥന്റെയും വിശുദ്ധരുടെയും ജീവചരിത്രങ്ങളും ക്രിസ്ത്വാനുകരണവും വായിക്കുവാനായി കിട്ടി. അപ്പോൾമുതൽ ദൈവാത്മാവിന്റെ പ്രവർത്തനവും ആരംഭിച്ചു. ഇഗ്നേഷ്യസ് തന്നോടുതന്നെ ചോദിച്ചു 'അവന് ഒരു പുണ്യവാനും അവൾക്ക് ഒരു പുണ്യവതിയുമാകാമെങ്കിൽ എന്തുകൊണ്ട് എനിക്കും ഒരു പുണ്യവാനായിക്കൂടാ?' അവൻ തീരുമാനമെടുത്തു;ഈ വിശുദ്ധരുടെ ജീവചരിത്രം എനിക്ക് ജീവിച്ച് തീർക്കണം. ഒപ്പം മറ്റൊരു ചിന്തയും, തനിക്ക് ജറുസലെമിലേക്ക് പോകണം. പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കണം. ഈ ചിന്തയുമായി കിടന്ന അന്ന് രാത്രി യേശുവും മാതാവും അവന് ദർശനം നല്കി. പിറ്റേന്ന് എഴുന്നേറ്റത് ഒരു പുതിയ മനുഷ്യനാകുവാനുള്ള ഉറച്ച തീരുമാനത്തോടെയാണ്.

## ഒരു കുമ്പസാരവും യാത്രയും

1522 ഫെബ്രുവരി അദ്ദേഹം ഇറങ്ങിത്തിരിച്ചു. യാത്രയിൽ തന്നെ ആരും തിരിച്ചറിയാതിരിക്കാൻ ശ്രദ്ധിച്ചു. മോണ്ട് സെറാന്നിലെ പരിശുദ്ധ ദൈവമാതാവിന്റെ ദേവാലയമായിരുന്നു ആദ്യ ലക്ഷ്യം. തുടർന്ന് നവാഞ്ഞു ലർദിയ, ബാർസിലോണയും സന്ദർശിച്ച് സ്പെയിനിന്റെ അതിർത്തി പ്രദേശങ്ങളിലൂടെ യാത്ര തുടർന്നു. മോണ്ട് സെറാന്നിൽ വെച്ച് താൻ അണിഞ്ഞിരുന്ന യോദ്ധാവിന്റെ വേഷം ഒന്നൊന്നായി ഊരി മാറ്റി. പകരം ളോഹപോലെ നീളമുള്ള വസ്ത്രം ധരിച്ചു. ഇപ്പോൾ മനസ്സാകെ അസ്വസ്ഥമായിരിക്കുന്നു. ഇനി ഒന്ന് കുമ്പസാരിക്കാതെ വയ്യ. അടുത്തുള്ള ബനഡിക്റ്റ് ആശ്രമത്തിൽ എത്തി കണ്ണുനീരോടെ പാപങ്ങൾ ഏറ്റുപറഞ്ഞു. അന്ന് രാത്രി മുഴുവൻ കറുത്ത കന്യകാംബികയുടെ രൂപത്തിന് മുമ്പിൽ മുട്ടുകുത്തി. വെളുപ്പിന് മുട്ടിന്മേൽനിന്ന് എഴുന്നേറ്റത് ഒരു പുതിയ ദർശനവുമായിട്ടായിരുന്നു.

## മാൻട്രീസയിലേക്ക്

മാതാവിന്റെ പള്ളിയിൽനിന്ന് പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ മുമ്പിൽ വഴികൾ ഇണപിരിഞ്ഞു കിടന്നു. ഒരപരിചിതമായ പ്രദേശമായിരുന്നു മനസ്സിൽ. അദ്ദേഹം മാൻട്രീസയിലേക്ക് തിരിഞ്ഞു. ഒന്നോ രണ്ടോ ദിവസം മാത്രം താമസിക്കാനാണ് ഉദ്ദേശിച്ചതെങ്കിലും പതിനൊന്ന് മാസം അവിടെ ജീവിച്ചു. ഈ താമസത്തിന് ജീവചരിത്രകാരന്മാർ ഒട്ടനവധി കാരണങ്ങൾ നിരത്തുന്നുണ്ട്. അതിൽ ഒന്ന് പ്ലേഗ് എന്ന രോഗത്തിന്റെ സംഹാരതാണ്ഡവമാണ്. മറ്റൊന്ന് യെറുസലെം യാത്രയ്ക്കുള്ള തയ്യാറെടുപ്പ്. അക്കാലത്ത് യെറുസലെം സന്ദർശിക്കാൻ റോമിൽനിന്ന് പ്രത്യേക അനുമതി വേണമായിരുന്നു. ഉപവാസവും പ്രാർത്ഥനയും കഠിനതപശ്ചര്യകളുമായി ഇഗ്നേഷ്യസ് മാൻട്രീസയിലെ ഒരു ഗുഹയിൽ പാർത്തു. ഭക്ഷണം തന്നെ അദ്ദേഹം മറന്നു. മുടി നീണ്ടു. ഗുഹാമുഖത്തുനിന്ന് തന്നെ മുട്ടിവിളിച്ചുകൊണ്ടിരുന്ന പാപപ്രലോഭനങ്ങളെ അതിജീവിച്ചു. ആ നാളുകളിൽ വായിക്കാൻ കിട്ടിയ വി. ആൻഡ്രൂസിന്റെയും വി. പോളിന്റെയും ജീവിതചരിത്രം ഇഗ്നേഷ്യസിനെ ഏറെ സ്വാധീനിച്ചു. അവരുടെ ഉപവാസശൈലി അദ്ദേഹം ജീവിതത്തിൽ പകർത്തി. അങ്ങനെ ഏഴ് ദിവസത്തെ ഉപവാസം ആരംഭിച്ചു. വെള്ളംപോലും കുടിക്കാതെയുള്ള ഉപവാസം ആരംഭിച്ചു. ഈ ദിനങ്ങളിൽ കൂടുതൽ സമയവും പ്രാർത്ഥനയ്ക്കായി മാറ്റി.

## കുട്ടികളേ,

സഭ നിർദ്ദേശിച്ചിരിക്കുന്ന ദുഃഖവെള്ളി, വിഭൂതി എന്നീ ദിനങ്ങളിൽ നിങ്ങൾ ഉപവസിക്കണം. വെള്ളിയാഴ്ചദിവസങ്ങളിൽ മാംസം വർജ്ജിക്കണം. സഭയിലെ നോമ്പുകൾ മുടക്കമില്ലാതെ അനുഷ്ഠിക്കണം.

## ദർശനം ലഭിക്കുന്നു

ഒരിക്കൽ ദേവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ദിവ്യമായ ഒരനുഭവം ഉണ്ടായി. പരിശുദ്ധ ത്രീത്വം പ്രത്യക്ഷപ്പെട്ടു. മൂന്ന് സംഗീത ചിത്രങ്ങളുടെ പശ്ചാത്തലത്തോടെയാണ് പരിശുദ്ധ ത്രീത്വം ദർശനം നൽകിയത്. ദർശനത്തെ തുടർന്ന് മാറത്തടിച്ച് അദ്ദേഹം കരഞ്ഞു.

## മാൻട്രീസ നൽകിയ അനുഭവങ്ങൾ

ഒരു വെളിപാട് ലഭിച്ചവനെപ്പോലെ ഇഗ്നേഷ്യസ് ഓടിനടന്നു. കാർഡോണർ നദിയുടെ തീരവും മോണ്ട് സെറാറ്റ് മലകളും കറുത്ത കന്യാംബികയുടെ ദേവാലയവും മനസ്സിന് കുളിർമയേകി. അവിടുത്തെ ജനങ്ങളുമായി പെട്ടെന്ന് അടുത്തു. സാന്റാകുവാ ഗുഹയിൽ അനേകം മണിക്കൂറുകൾ അദ്ദേഹം ധ്യാനിച്ചിരിക്കും. ഇഗ്നേഷ്യസിന്റെ "ആദ്ധ്യാത്മിക അനുഭവങ്ങൾ" (ട്യശുശേൗമഹ ഋഃലൃരശലെ)െ ഈ മനസാന്തരയാത്രയുടെ ആഖ്യാനമാണ.് ഇന്ന് മാൻട്രീസ ഗ്രാമം വി. ഇഗ്നേഷ്യസിന്റെ പര്യായമായി കഴിഞ്ഞു. പതിനായിരങ്ങൾ ദിവസംതോറും അവിടം സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കുന്നു. ഈ ഗുഹയിലെ പതിനൊന്ന് മാസക്കാലത്തെ വാസം ഒരു പടയാളിയിൽനിന്ന് ഒരു യോഗിയിലേക്കുള്ള യാത്രയായിരുന്നു.

## റോമിലേക്ക്

മാൻട്രീസ പുത്തൻ അനുഭവങ്ങൾ നൽകി. അവിടെനിന്ന് വീണ്ടും യാത്ര ആരംഭിച്ചു. ജറുസലെം കെട്ടടങ്ങാത്ത ആഗ്രഹമായി മുമ്പിൽ നിൽക്കുന്നു. യാത്ര ചെയ്ത് ബാർസിലോണയിലെത്തി. അവിടെനിന്ന് റോമിലേക്ക് പോകണം. കടൽമാർഗ്ഗം ഒറ്റയ്ക്കാണ് യാത്ര.'ഗയേറ്റ' കപ്പൽ തുറമുഖത്തണഞ്ഞു. കീശയിൽ തപ്പിനോക്കിയപ്പോൾ രണ്ട് ചെറിയ ചെമ്പ് നാണയങ്ങൾ കിട്ടി. അത് ഒരു ഭിക്ഷുവിന് സമ്മാനിച്ചു. കയ്യിൽ വടിയോ, ചെരിപ്പോ, വസ്ത്രങ്ങളോ ഇല്ല അഞ്ച് ദിനരാത്രങ്ങൾക്കുശേഷം കപ്പൽ റോമിൽ എത്തി. കപ്പൽ ഇറങ്ങിയപ്പോഴാണ് ഒരു വാർത്തയറിഞ്ഞത്. റോമിൽ മുഴുവൻ പ്ലേഗ് ബാധിച്ചിരിക്കുന്നു. അന്ന് ഒരു സത്രത്തിൽ രാത്രി ചിലവഴിച്ചു. പിറ്റേന്ന് ഫോണ്ടി നഗരത്തിന്റെ അതിർത്തിയിലെത്തി. അവിടെ രണ്ട് ദിവസം താമസിച്ചു. അവിടെ നിന്നുകൊണ്ട് നിത്യനഗരിയിലേക്കുള്ള പ്രവേശനത്തിന് അദ്ദേഹം മാർപാപ്പയ്ക്ക് എഴുതി. അവസാനം മാർച്ച് 29-ാം തീയതി ഓശാന ഞായറാഴ്ച റോമാപ്പുരിയിലേക്കുള്ള പ്രവേശനത്തിന് ആഡ്രിയൻ ആറാമൻ മാർപാപ്പയിൽ നിന്ന് അനുവാദം കിട്ടി. വിശുദ്ധവാരം മുഴുവൻ അവിടെ ചെലവഴിച്ചു. അതേത്തുടർന്ന് വെനീസ്, പാദുവാ തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു. രാത്രിയിൽ ഏതെങ്കിലും കടയുടെ വരാന്തയിൽ കിടന്ന് ഉറങ്ങും. ഭിക്ഷയാചിച്ച് ഭക്ഷണം കഴിക്കും. അല്ലാത്തപ്പോൾ പട്ടിണി.

## വിശുദ്ധനാട്ടിലേക്ക്

റോമിലേക്ക് പ്രവേശിക്കുന്നതിനേക്കാൾ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു ജറുസലെമിലേക്കുള്ള അനുമതി. കാരണം അന്ന് ഈ പ്രദേശങ്ങൾ എല്ലാം തുർക്കികളുടെ അധീനതയിലായിരുന്നു. ഇഗ്നേഷ്യസ് യാത്രയ്ക്ക് ഒരുങ്ങി. ഇരുപത്തൊന്നുപേർ യാത്രയിൽ ഉണ്ടായിരുന്നു. കയ്യിൽ പണം ഇല്ല. ദൈവാനുഗ്രഹത്താൽ ഒരാൾ സഹായിക്കാനായി എത്തി. കപ്പലിൽ ഒരു മാസത്തെ യാത്ര. ആഗസ്റ്റ് 25 ന് ജോപ്പയിലെത്തി. അവിടെനിന്ന് ജറുസലെമിനടുത്തുള്ള 'റംലയിലേക്ക് ഇരുപതിലധികം കിലോമീറ്റർ ഉണ്ട്. കഴുതപ്പുറത്താണ് ഇനിയുള്ള യാത്ര. യാത്രയ്ക്കൊടുവിൽ പുണ്യഭൂമിയിലെത്തി. സിയോൻ ഗദ്സെമനി, ജെറിക്കോ, ജോർദ്ദാൻ ബഥനി തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. കുറച്ചുകാലം അവിടെ താമസിച്ച് പ്രാർത്ഥിക്കാൻ ആഗ്രഹിച്ചെങ്കിലും, വിദേശിയനായ ഒരാൾ അവിടെ ദീർഘകാലം താമസിക്കുന്നത് ആപത്തുകൾ ക്ഷണിച്ചു വരുത്തുകയേയുള്ളുവെന്ന രാഷ്ട്രീയനിരീക്ഷകരുടെ വിലയിരുത്തലിനു മുമ്പിൽ ഇഗ്നേഷ്യസിന് താഴേണ്ടിവന്നു.

## മടക്കയാത്ര

ഇഗ്നേഷ്യസ് മടക്കയാത്രയ്ക്ക് തയ്യാറായി. ദുരിതപൂർണ്ണമായ ഒരു യാത്ര. കപ്പിത്താന്റെ കഴിവുകേടും,

കാലാവസ്ഥയുടെ പ്രതികൂലങ്ങളും യാത്രയെ സ്വാധീനിച്ചു. ഇഴഞ്ഞു നീങ്ങിയ കപ്പൽ സൈപ്രസിൽ എത്തി. കയ്യിലെ പണം മുഴുവൻ തീർന്നു. സൗജന്യമായി കൊണ്ടുപോകാൻ ആരും തയ്യാറായില്ല. ഇഗ്നേഷ്യസ് ഒരു പോംവഴി ആലോചിച്ചു. അവസാനം ഒരു തീരുമാനത്തിലെത്തി. അലഞ്ഞു തിരിയുകതന്നെ. പിന്നെ ഒരു യാത്ര തരപ്പെടുന്നത് നവംബറിലാണ്. അതും ഒരു ചെറിയ നൗകയിൽ. വെനീസ്, ബാൻസിലോണവഴി ലൊംബാർസിയിൽ എത്തി. പണത്തിന്റെ പ്രസക്തി ഇല്ലായ്മയെപ്പറ്റി മനസ്സിലാക്കിയ നാളുകൾ! ദൈവപരിപാലനയെപറ്റി കൂടുതൽ അറിഞ്ഞ നിമിഷം. ലൊംബാർസിയിൽ എത്തിയപ്പോഴാണ് സ്പെയിനിന് എതിരെ പടയൊരുക്കം നടത്തുന്ന ഫ്രഞ്ചുസൈന്യത്തെപ്പറ്റി അറിവ് ലഭിച്ചത്. ഇഗ്നേഷ്യസ് അലഞ്ഞുതിരിഞ്ഞ് എത്തിയത് ഒരു ഫ്രഞ്ച് പട്ടാളക്യാമ്പിലും. അവിടെയും ദൈവപരിപാലനയുമുണ്ടായി. ഇഗ്നേഷ്യസിനെ തിരിച്ചറിഞ്ഞ ഫ്രഞ്ച് ക്യാപ്റ്റൻ, ക്യാമ്പിൽനിന്ന് രക്ഷപ്പെടാൻ അവനെ സഹായിച്ചു.

## അറിവുതേടി അമൃതംതേടി

യാത്ര കഴിഞ്ഞ് എത്തിയ ഇഗ്നേഷ്യസിന് ഒരു കാര്യം മനസ്സിലായി. അറിവ് കൂടിയേ തീരൂ. അതിന് ഭാഷയും വ്യാകരണവും തത്ത്വശാസ്ത്രവും പഠിക്കണം. ഇപ്പോൾ പ്രായം മുപ്പത്തിമൂന്ന്. മാൻട്രീസയിൽവച്ച് പരിചയപ്പെട്ട ഒരു സന്യാസീവര്യന്റെ ചിത്രം ആദ്യം മനസ്സിൽ തെളിഞ്ഞു. ഇസബെൽ നേസ്സർ എന്ന വ്യക്തി സാമ്പത്തികസഹായങ്ങൾ വാഗ്ദാനം ചെയ്തു. നിർഭാഗ്യം എന്ന് പറയട്ടെ, എല്ലാ പദ്ധതികളും തയ്യാറാക്കി കാർബോണായിൽ എത്തിയപ്പോഴേക്കും ആ സന്യാസിവര്യൻ ഇഹലോകവാസം വെടിഞ്ഞിരുന്നു. വീണ്ടും അദ്ദേഹം അഭ്യുദയകാംക്ഷികളുടെ സവിധത്തിലേക്ക് ആനയിക്കപ്പെട്ടു.
ലത്തീൻപഠനം ആരംഭിച്ചു. എന്നാൽ അത് അത്ര എളുപ്പമുള്ള കാര്യമല്ലെന്ന് അധികനാൾ കഴിയും മുമ്പേ മനസ്സിലായി. പഠനം മുടങ്ങുമെന്ന അവസ്ഥ വന്നു. എന്നാൽ ഹൃദയം ഇപ്പോഴും എന്തിനോവേണ്ടി തുടിക്കുന്നു. ഈ കാലഘട്ടത്തിലാണ് അനേകം കന്യാമഠങ്ങൾ തങ്ങളുടെ ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ച് പോകുന്നത് ഇഗ്നേഷ്യസ് കണ്ടത്. താൻ തിരഞ്ഞെടുത്ത സമർപ്പിതജീവിതംതന്നെ വഴിമുട്ടിപോകുമെന്ന അവസ്ഥ. ഈ സാഹചര്യത്തിലാണ് സാന്താക്ലാരമഠത്തിന്റെ ശൃംഖലകൾ അടച്ചുപൂട്ടാൻ ലിയോ പത്താമൻ മാർപാപ്പയുടെ കല്പന എത്തുന്നത്. തന്റെ ചിന്തകൾ അസ്ഥാനത്തല്ലായിരുന്നെന്ന് ഇഗ്നേഷ്യസിന് തോന്നി. പഠനത്തിന്റെ രണ്ടാം വർഷം ഭാഷയും കലയും, തത്ത്വശാസ്ത്രവും സ്വായത്തമാക്കി മുന്നേറുന്ന നാളുകൾ. അൽക്കലായിൽ എത്തി കൂടുതൽ വിദ്യാഭ്യാസം നേടാൻ മനസ്സ് വെമ്പൽകൊണ്ടു. അൽക്കലായിൽ വെച്ച് മാർട്ടിൻ ദെ ലൊബെ എന്ന നല്ല ഒരു സുഹൃത്തിനെ കിട്ടി. ആ ബന്ധം വളർന്നു. പിന്നീട് അത് ത്രെന്ത് സൂനഹദോസ് വരെ എത്തി. മറ്റ് രണ്ട് സുഹൃത്തുക്കൾ സമ്പന്നകുടുംബത്തിൽ നിന്നുവന്ന പുരോഹിതന്മാരായ നവാരയും, സിയഗോദെ യൂജിയുമായിരുന്നു. അതിൽ യൂജി ഒരു പ്രസ്സിന്റെ ഉടമയും ഒരു നല്ല ഗ്രന്ഥപരിഭാഷകനുമായിരുന്നു. ഈ പുരോഹിതൻ ഇറാസ്മൂസിന്റെ കൃതികളും ക്രിസ്ത്വാനുകരണവും പരിഭാഷപ്പെടുത്തി. ഈ ഗ്രന്ഥങ്ങൾ ഇഗ്നേഷ്യസിന് വ്യത്യസ്തമായ ഒരു അനുഭൂതി നൽകി. നവാര അദ്ദേഹത്തിന് ഒരു നല്ല കുമ്പസാരക്കാരനുമായി. അവർ ഒരുമിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. പലർക്കും ഇവർ നോട്ടപ്പുള്ളികളായി. അവരുടെ വസ്ത്രധാരണവും, ജീവിതശൈലിയും വ്യത്യസ്തമായിരുന്നു. ചാക്കുടുക്കുന്നവർ എന്ന് ജനം അവരെ വിശേഷിപ്പിച്ചു. സഭാ വിചാരണയ്ക്ക് പിന്നെ അധിക സമയം വേണ്ടിവന്നില്ല. 1525-സെപ്റ്റംബറിൽ അത് സംഭവിക്കുകതന്നെ ചെയ്തു. സഭാധികാരികൾ നടപടിക്രമങ്ങൾ ആരംഭിച്ചു. അതിന്റെ ആദ്യപടിയായി സമൂഹത്തിൽനിന്ന് തെളിവുകൾ ശേഖരിച്ചു. എന്നാൽ എല്ലാ രേഖകളും ഇഗ്നേഷ്യസിനും കൂട്ടർക്കും അനുകൂലമായിരുന്നു. ഇവരുടെ കൂട്ടായ പ്രവർത്തനം അനേകരെ ആകർഷിച്ചു. അനേകംപേർ ഇവരുടെ കൂടെച്ചേർന്നു. കുട്ടികൾമുതൽ വൃദ്ധന്മാർവരെ ആകർഷിക്കപ്പെട്ടു. പാപത്തിൽ നിന്നുള്ള വിടുതൽ, വിശുദ്ധ കുർബ്ബാന, മനസ്സിന്റെ വിശുദ്ധി, ജീവിതവിശുദ്ധി ആത്മനവീകരണത്തിനു വേണ്ട കാര്യങ്ങൾ തുടങ്ങിയവ ലളിതമായ ഭാഷയിൽ ഇവർ വ്യാഖ്യാനിച്ചു കൊടുത്തു. എന്നാൽ ഇത് തുടർന്നുകൊണ്ട് പോകാൻ സഭാധികാരികൾ അനുവദിച്ചില്ല.

## ഒരു ദുഃഖവെള്ളിയനുഭവം

1527 ഏപ്രിൽ 19-ാം തീയതി ദുഃഖവെള്ളിയാഴ്ച പോലീസ് ഇഗ്നേഷ്യസിനെ അന്വേഷിച്ചെത്തി. ജനത്തെ വഴിപിഴപ്പിക്കുന്നു, തെറ്റായ പഠനങ്ങൾ നൽകുന്നു എന്നതൊക്കെയായിരുന്നു കുറ്റങ്ങൾ. അങ്ങനെ അദ്ദേഹം തടവിലായി. ഈ ദിവസങ്ങളിൽ അൽക്കലായിൽനിന്ന് ഭക്തകളായ മൂന്ന് സ്ത്രീകൾ 300 മൈൽ യാത്രചെയ്ത് വെറോനിക്കായുടെ തുവാലയിൽ പതിഞ്ഞ യേശുവിന്റെ മുഖഛായ കാണുവാൻ പുറപ്പെട്ടു. ഇവരുടെ യാത്രയ്ക്ക് നല്ല ലക്ഷ്യം മാത്രമെ ഉണ്ടായിരുന്നുള്ളൂ. പോലീസ് സ്ത്രീകളെ അറസ്റ്റു ചെയ്ത്

അവരിൽ ദുർനടപ്പ് ആരോപിച്ചു. അവരെ ഈ യാത്രയ്ക്ക് പ്രേരിപ്പിച്ചത് ഇഗ്നേഷ്യസാണെന്നും പറഞ്ഞ്, ആ കുറ്റവും അദ്ദേഹത്തിന്റെ മേൽ പോലീസ് ചുമത്തി. നാല്പതു ദിവസത്തെ ജയിൽവാസം. ഇഗ്നേഷ്യസ് ദുഃഖിതനായി. ഇതിനെ ചോദ്യം ചെയ്യുകതന്നെ വേണമെന്ന് മനസ്സിലുറച്ചു. ആർച്ചുബിഷപ്പിന്റെ അപ്പീലിൽ കോടതി അനുകൂലമായ വിധി നടത്തി. താൻ അൽക്കലാ വിട്ടുപൊയ്ക്കൊള്ളാം എന്ന തീരുമാനം ആർച്ചുബിഷപ്പിന് സ്വീകാര്യമായി. ഏതാനും ദിവസം ബിഷപ്പ് അഭയം നൽകി. തുടർന്ന് സാൽമനാക്കയിലേക്ക് പോകാൻ തീരുമാനിച്ചു. നാലുപേർ ഇഗ്നേഷ്യസിന്റെകൂടെ പുറപ്പെട്ടു. പന്ത്രണ്ട് ദിവസത്തെ യാത്രയ്ക്കുശേഷം ലക്ഷ്യസ്ഥാനത്ത് എത്തി. അവിടെ എത്തിയപ്പോൾ മറ്റൊരു കോടതി ഇവരെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. അപ്പസ്തോലന്മാരുടെ തീക്ഷ്ണതയോടെ ഇറങ്ങിയ ഇവരുടെ അടിസ്ഥാനയോഗ്യതയെ അവർ ചോദ്യം ചെയ്തു. മൂന്നാം ദിവസം തന്നെ വിധി വന്നു. അതും കാരാഗൃഹവാസം. വൃത്തികെട്ട മുറികളിൽ അവരെ വെവ്വേറെ അടച്ചുപൂട്ടി. ഇരുപതുദിവസത്തെ ശിക്ഷ. അതിനുശേഷം അവർ പുറത്തുവന്നു. ഇപ്പോൾ ഇഗ്നേഷ്യസിന്റെ മനസ്സിൽ ഒരേയൊരാഗ്രഹം. പഠിക്കണം. പാരീസിൽ പോകണം.

## പാരീസിലേക്ക്

ഇപ്പോൾ പ്രായം മുപ്പത്തിയേഴ്. അദ്ദേഹം പഠിക്കുവാൻ തന്നെ തീരുമാനിച്ചു. പാരീസിലേയ്ക്കുള്ള യാത്ര ഉറപ്പിച്ചു. ലോകപ്രസിദ്ധമായ സർവ്വകലാശാലയിൽ തന്നെപഠിക്കണം. ഫ്രഞ്ച് ഭാഷ പഠിക്കണം. ഉറച്ച തീരുമാനത്തിലെത്തി. പാരീസിലെ മൊണ്ടേഗു കോളേജിൽ വിദ്യാർത്ഥിയായി. രാവിലെ നാല് മണിക്ക് എഴുന്നേൽക്കണം. അഞ്ച് മണിക്ക് ക്ലാസ്സ് ആരംഭിക്കും. അരമണിക്കൂർ നടന്നാലെ കോളേജിൽ എത്തു. വൈകുന്നേരം ത്രിസന്ധ്യാ ജപങ്ങൾക്കുള്ള മണിനാദം മുഴങ്ങുംമുമ്പേ സങ്കേതത്തിൽ തിരിച്ചെത്തണം. പഠനത്തിനും ഭക്ഷണത്തിനും പണമില്ല. തെണ്ടുകതന്നെ ഏക പോംവഴി. 1529-ൽ ഇഗ്നേഷ്യസ് ആദ്യത്തെ തെണ്ടൽ യജ്ഞം ആരംഭിച്ചു. സാമ്പത്തികപരാധീനതമൂലം പഠിക്കാൻ പറ്റാത്തവരെ സഹായിക്കുക എന്ന ലക്ഷ്യംകൂടി ഈ തെണ്ടലിന് പിന്നിൽ ഉണ്ടായിരുന്നു. അത് വിജയിക്കുകയും ചെയ്തു.

## പുതിയൊരു ആരോപണം

ഈ നാളുകളിൽ ഒരു പുതിയ ആരോപണം ഇഗ്നേഷ്യസിനെ തേടിയെത്തി. മൂന്ന് മിടുക്കരായ വിദ്യാർത്ഥികളെ തെറ്റായ ആത്മീയകാര്യങ്ങൾ പറഞ്ഞ് വഴിതെറ്റിക്കുന്നു എന്നതായിരുന്നു അത്. ജുവാൻ ദെ കാസ്ട്രോ, അമാദോർ, പെഡ്രോ ദെ പെരാൾട്ടാ എന്നിവരായിരുന്നു വിദ്യാർത്ഥികൾ. എന്നാൽ ഇത്തവണ കാരാഗൃഹത്തിലേക്ക് പോകേണ്ടിവന്നില്ലായെന്നു മാത്രം. അധികാരികൾ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. നിങ്ങൾ പുറത്ത് താമസിക്കുന്നതിനാലാണ് വഷളായി പോകുന്നത്. അതിനാൽ ഇനി പഠനം തുടരണമെങ്കിൽ ബോർഡിംഗിൽ ചേരണം. ഇഗ്നേഷ്യസ് അത് അംഗീകരിച്ചു. ഇഗ്നേഷ്യസ് 'വഴിതെറ്റിച്ച' വിദ്യാർത്ഥികളെപ്പറ്റി നമ്മൾ മനസ്സിലാക്കുന്നത് നല്ലതാണ്. പഠനത്തിന്റെ അവസാനം കാസ്ട്രോ കാർത്തൂസിയൻ സന്യാസസഭയിൽ ചേർന്നു. അവിടെനിന്ന് ആശ്രമാധിപസ്ഥാനംവരെ എത്തി. പെരാൾട്ടാ ലോകം കണ്ട ഒരു വിഖ്യാതനായ പ്രഭാഷകനായി. അമാദോർ അകട്ടെ ഇഗ്നേഷ്യസ് രൂപാന്തരപ്പെടുത്തിയെടുത്ത ഒരു നല്ല ആത്മീയമനുഷ്യനായി.
കുട്ടികളേ, അത്മീയകാര്യങ്ങളെ മുറുകെ പിടിച്ചാൽ നിങ്ങൾക്ക് വലിയവരാകാം.

## പ്രിൻസിപ്പലിന്റെ മാനസാന്തരം

തത്ത്വശാസ്ത്രപഠനത്തിലേക്ക് ഇഗ്ന്യേഷ്യസ് പ്രവേശിച്ചു. അതും മനസ്സിനിണങ്ങിയ ബാർബെ കോളേജിൽ. അദ്ധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ചാണ് അവിടെ താമസിക്കുന്നത്. അദ്ധ്യാപകനായ ജുവാൻപെന്ത, പിയറി ഫാളാവ്റി, ഫ്രാൻസീസ് സേവ്യർ, രണ്ട് സഹപാഠികളും. അവരോടൊപ്പം ഇഗ്നേഷ്യസും താമസമാക്കി. ഫ്ളാവ്റിയും പെന്തയും പഠനത്തിന് സഹായിച്ചു. ഇഗ്നേഷ്യസ് അവരെ ആത്മീയതയിൽ ഉറപ്പിച്ചു. എന്നാൽ ഫ്രാൻസീസ് സേവ്യർമാത്രം മെരുങ്ങാത്ത ഒറ്റയാനെപ്പോലെ ഓടിനടന്നു. പഠനത്തിന്റെ ഇടയിലും അദ്ദേഹം തന്റെ പ്രവർത്തനം തുടർന്നു കൊണ്ടിരുന്നു. ഓരോ ഞായറാഴ്ചയും പുതിയ അനുഭവങ്ങളും ഉൾക്കാഴ്ചകളും ജനങ്ങൾക്കും സഹപാഠികൾക്കും പകർന്നു നൽകി. കാർത്തൂസിയൻ കോൺവെന്റിലും ബാർബെ കോളേജിലും ചർച്ചകൾ പൊടിപൊടിച്ചു. യഥാസ്ഥിതികത്വത്തിന്റെ കോട്ടകൾ ആത്മീയ അഗ്നിജ്വാലയിൽപ്പെട്ട് തകർന്നുകൊണ്ടിരിക്കുന്നത് കോളേജ് അധികൃതർ ശ്രദ്ധിച്ചു. അവർ നിയമത്തിന്റെ വേലികെട്ടി. വിധ്വംസകവിചാരങ്ങളുടെ പ്രചാരകനും പ്രയോക്താവുമായി അദ്ദേഹം മുദ്രകുത്തപ്പെട്ടു. കോളേജിൽ നല്ലൊരു ശതമാനം

അദ്ധ്യാപകരും വിദ്യാർത്ഥികളും ഇഗ്നേഷ്യസിന് എതിരായി. പ്രിൻസിപ്പലിന് നേരിൽ കണ്ട് തന്റെ സത്യസ്ഥിതി വെളിപ്പെടുത്താൻ അദ്ദേഹം തീരുമാനിച്ചു. പൊതുവെ കർക്കശക്കാര നായിരുന്ന പ്രിൻസിപ്പൽ. കുട്ടികൾ തിങ്ങിക്കൂടി നിൽക്കുന്ന കോളേജ് അങ്കണം. ഇഗ്നേഷ്യസിനുള്ള ശിക്ഷയെന്താണെന്ന് അറിയുവാൻ വിദ്യാർത്ഥികൾ കാതോർത്ത് നിൽക്കുന്ന സമയം. ശിക്ഷാവിധി പ്രഖ്യാപിക്കുവാനായി ഇറങ്ങിവന്ന പ്രിൻസിപ്പൽ ഇഗ്നേഷ്യസിന്റെ കാലുകളിൽ വീണ് മാപ്പപേക്ഷിക്കുന്ന രംഗമാണ് അവിടെ നിന്നിരുന്നവർ കണ്ടത്. ഈ ബന്ധം വളർന്ന് സുദൃഢമായി. പിൽക്കാലത്ത് ഫ്രാൻസീസ് സേവ്യറിനോടൊപ്പം ഇന്ത്യയിലേക്ക് വന്നവരിൽ ഒരാൾ ഈ പ്രിൻസിപ്പലായരുന്നു. പിന്നീട് ഈ സഹപാഠികൾക്ക് എന്ത് സംഭവിച്ചുവെന്ന് അറിയേണ്ടേ. പിൽക്കാലത്ത് പിയറി ഫ്ളാവ്റിയെ വിശുദ്ധമറിയം മഗ്ദലേനയുടെ തിരുന്നാൾദിനത്തിൽ അൾത്താരയിലേക്ക് കൈപിടിച്ചുയർത്താൻ ഇഗ്നേഷ്യസിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. ഫ്രാൻസീസ് സേവ്യർ എന്ന മഹാവിശുദ്ധനെയും കത്തോലിക്കാ സഭയ്ക്ക് ലഭിച്ചു.

## മാസ്റ്റർ ഇഗ്നേഷ്യസ്

1532-ൽ ഇഗ്നേഷ്യസ് ബാച്ചിലർ ബിരുദം നേടി. ഊർജ്ജതന്ത്രം, നീതിശാസ്ത്രം എന്നവേണ്ട പഠനത്തിന്റെ എല്ലാ മേഖലയിലും അരിസ്റ്റോട്ടിലിന്റെ ചിന്തകൾ ചിറകുവിരിച്ച് പറക്കുന്ന കാലം. ഈ ചിന്താസരണി അദ്ദേഹത്തെ കൊണ്ടുചെന്നെത്തിച്ചത് ബിരുദാനന്തരപഠനത്തിലേക്കായിരുന്നു. 1535 മാർച്ച് 14ന് പാംപ്ലോണ രൂപതയ്ക്ക് മാസ്റ്റർ ബിരുദമുള്ള ഒരദ്ധ്യാപകനെ കിട്ടി. എന്നാൽ ഇവിടെ താമസിക്കുമ്പോൾ സമ്പന്ന കുടുംബത്തിൽ പിറന്ന ഫ്രാൻസിസ് സേവ്യർമാത്രം ഇഗ്ന്യേഷ്യസിൽ നിന്ന് മാറിനിൽക്കാൻ ആഗ്രഹിച്ചു. ഓരോ പ്രാവശ്യവും കാണുമ്പോൾ ഇഗ്നേഷ്യസ് ഫ്രാൻസിസ്നോട് ചോദിക്കും"ഒരുവൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവ് നഷ്ടമായാൽ എന്ത് പ്രയോജനം?"

## ഫ്രാൻസിസ് സേവ്യർ

മെരുങ്ങാത്ത ഒറ്റയാനെപ്പോലെ ഓടിനടന്ന ഫ്രാൻസിസിന്റെ ജീവിതത്തിൽ ഇഗ്നേഷ്യസ് സ്ഥാനം പിടിച്ചു. 1539-ൽ ബിരുദാനന്തരബിരുദം നേടിയശേഷം ഡോർമാർസ് ബ്യൂമിയാസ് കോളേജിൽ ഒരദ്ധ്യാപകന്റെ അടുക്കലേക്ക് അയയ്ക്കപ്പെട്ടതു മുതൽ ഫ്രാൻസീസ് മറ്റൊരാളായി രൂപാന്തരപ്പെടുകയായിരുന്നു. അവസാനം ഈ കുട്ടിക്കുറുമ്പനും ഇഗ്നേഷ്യസിന്റ മുന്നിൽ കീഴടങ്ങി. നാലു വർഷംകൂടി താമസം കഴിഞ്ഞപ്പോഴേക്കും ക്രിസ്തുവിനെപ്രതി ഇഗ്നേഷ്യസിന്റെ മാർഗ്ഗം തിരഞ്ഞെടുക്കാൻ തക്കവിധം ഫ്രാൻസിസ് മാറി കഴിഞ്ഞു.

## ഒരു പുതിയ സഭയ്ക്കുവേണ്ടിയുള്ള ഒരുക്കങ്ങൾ

1534- ആഗസ്റ്റ് മാസം 15-ാം തിയതി ഇഗ്നേഷ്യസും മറ്റ് അഞ്ചുപേരും വിശുദ്ധ ഡെന്നീസ് രക്തസാക്ഷിത്വം പൂകിയ മോണ്ട് മാർട്ടെയിലെ മലയിൽ ഒരുമിച്ചുകൂടി. വചനത്തിലും ദാരിദ്ര്യത്തിലും ക്രിസ്തുവിനെ പിൻചെല്ലാൻ വേണ്ട തീരുമാനങ്ങൾ എടുത്തു അതിനെ ഉറപ്പിക്കാൻ നിത്യനഗരിയിലേക്ക് തീർത്ഥാടനത്തിന്റെ പാതകൾ തിരഞ്ഞെടുത്തു. നാളുകൾക്കുശേഷം പോൾ മൂന്നാമൻ മാർപ്പായുടെ സവിധത്തിൽ ഇഗ്നേഷ്യസും സഹയാത്രികരും മുഖാമുഖം ഇരുന്നു. മാർപാപ്പ അവരെ ശ്രവിച്ചു. പ്രഗത്ഭരായവരുടെ ഇടയിൽ ഒരു ചർച്ചക്ക് മാർപാപ്പ അവരെ ക്ഷണിച്ചു. അവരുടെ പാണ്ഡിത്യത്തിൽ മാർപാപ്പയ്ക്ക് സന്തോഷമായി. ഇഷ്ടമുള്ള മെത്രാനിൽനിന്ന് പത്രുമേനി കൂടാതെതന്നെ പട്ടം സ്വീകരിക്കുവാനുള്ള കല്പന അവർക്കു കിട്ടി. ഒരു സഭാ സ്ഥാപനത്തിന്റെ അടിസ്ഥാനശിലവീണ സന്ദർഭമായിരുന്നു അത്. 1537 ജൂൺ 24, ഒരു സാഫല്യദിനം! അന്ന് ഈ സഭയിലെ ഏഴു പേരുടെ പൗരോഹിത്യസ്വീകരണമായിരുന്നു. ആൽബായിലെ മെത്രാൻ അവർക്ക് കൈവെയ്പ്പ് നൽകി. അങ്ങനെ അവർ പൗരോഹിത്യത്തിലേയ്ക്ക് ഉയർത്തപ്പെട്ടു. തോമസ് അക്വീനാസിന്റെ ദർശനങ്ങൾ എന്തുകൊണ്ടോ ഒരാവേശമായി. മതവിചാരകന്മാരുടെ കോടതികളിൽ ഇക്കാലങ്ങളിലും അനേകം പ്രാവശ്യം കയറി ഇറങ്ങി. ക്രമേണ ഇഗ്നേഷ്യസിന്റെ ആദ്ധ്യാത്മിക അഭ്യാസങ്ങളോട് ആഭിമുഖ്യം പ്രകടിപ്പിക്കാമെന്ന അവസ്ഥയിലേക്ക് ലീവിന്റെ കോടതി വളർന്നുകഴിഞ്ഞു. പക്ഷേ അപ്പോഴേയ്ക്കും ഫ്രാൻസിൽ മറ്റൊരു കലാപത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു. പ്രൊട്ടസ്റ്റന്റ് സഭയുടെ ശക്തിപ്രകടനം, ഫ്രാൻസിലെ നോട്ടർ ഡാം കത്തീഡ്രലിനു മുമ്പിൽ ഫ്രാൻസിസ് ഒന്നാമൻ രാജാവിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. അവർ കലാപക്കൊടിയുയർത്തി. അനവധിയാളുകൾ രക്തസാക്ഷികളായി. അതിലേറെപ്പേർ ജീവനോടെ ഹോമിക്കപ്പെട്ടു. ഇഗ്നേഷ്യസും കൂട്ടരും ഉണർന്ന് പ്രവർത്തിച്ചു. ഈ സമയത്ത് റോമിൽ ഒരു വലിയ ക്ഷാമം പൊട്ടിപ്പുറപ്പെട്ടു. ഇഗ്നേഷ്യസ് അവർക്ക് ഭക്ഷണവും അഭയവും നൽകി.

ഇക്കാലമായപ്പോഴേക്കും സഭാധികാരികളും ജനങ്ങളും ഇവരുടെ പ്രവർത്തനത്തെ സ്വാഗതം ചെയ്തുകഴിഞ്ഞു.

## ദൗത്യവുമായി

സുവിശേഷദൗത്യവുമായി ഇഗ്നേഷ്യസ് നീങ്ങി. വെനീസ്, ജനീവ, ബാർബറോസ്സാ തുടങ്ങിയ തുറമുഖപട്ടണങ്ങൾ പിന്നിട്ടു. അവിടെനിന്ന് ഇറ്റലിയിലേയ്ക്കും. ഇതിനിടയിൽ വെനീസിൽവച്ച് പിയാത്രോ കാരഫാ എന്ന വ്യക്തിയുമായി ആശയപരമായ സംവാദത്തിൽ ഏർപ്പെടാൻ ഇടയായി. പിൽക്കാലത്ത് ഈ വ്യക്തി പത്രോസിന്റെ സിംഹാസനത്തിലേക്ക് ഉയരുകയും പോൾ നാലാമൻ മാർപാപ്പയായി സഭയെ നയിക്കുകയും ചെയ്തു. ഈശോസഭയുടെ സ്ഥാപനത്തിന് ഈ സന്ദർശനം പിന്നീട് കൂടുതൽ പ്രയോജനപ്പെട്ടു. എങ്കിലും അതിന് പച്ചക്കൊടി വീശാൻ 1588- നവംബർ 18 വരെ കാത്തിരിക്കേണ്ടിവന്നുവെന്നുമാത്രം. അതിനുശേഷം ഒരു വർഷത്തിനുള്ളിൽ ഈശോസഭ അതിനാൽതന്നെ സ്വയംപര്യാപ്തി നേടിക്കഴിഞ്ഞിരുന്നു. ആ കാലഘട്ടത്തിൽ കത്തോലിക്കാ സഭയുടെയും മദ്ധ്യ യൂറോപ്യൻ സഭയുടെയും മേൽ പുകമറവീഴിച്ച പഠനങ്ങളുടെയും ശൈലിയുടെയുംമേൽ ഒരു ജീവിതദർശനവും പ്രവർത്തനശൈലിയും പ്രദാനം ചെയ്യാൻ ഈശോസഭയ്ക്ക് സാധിച്ചു. അവരുടെ ദാരിദ്ര്യവും ഉപവിയും പരസ്നേഹ പ്രവർത്തനവും ഇതിന്റെ മാറ്റുകൂട്ടി.

## റോമിലെ ക്ഷാമം

1538 അവസാനമായപ്പോഴേയ്ക്കും റോമിൽ ഒരു വലിയ ക്ഷാമം ഉണ്ടായി. ഒരു ജനപദത്തെ മുഴുവൻ മായ്ച്ചുകളയുവാൻ പര്യാപ്തമായിരുന്നു ആ ക്ഷാമം. വിശപ്പടക്കാൻ ചാരിത്ര്യം പണയം വെയ്ക്കുന്ന യുവതികൾ. ലോകത്തിലെ ഏറ്റവും പഴക്കമുള്ള ആ തൊഴിൽ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ തുടർന്നുപോരുന്ന ഒരു അഭിശപ്തവർഗ്ഗം. പോരാത്തതിന് സ്വവർഗ്ഗഭോഗത്തിന്റെ അതിപ്രസരവും.ഇഗ്നേഷ്യസും കൂട്ടരും അരയും തലയും മുറുക്കി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങി. വിശക്കുന്ന നൂറുകണക്കിന് ആൾക്കാർക്ക് അവർ ഭക്ഷണം കൊടുത്തു. ജനം പാപത്തിൽ നിന്ന് പിൻതിരിയാൻ തയ്യാറായി. പാപത്തിൽനിന്ന് പിൻതിരിഞ്ഞ് വന്നവരെ സ്വീകരിക്കാൻ വയാ ദെൽ കൊറോസയിൽ വിശുദ്ധ മർത്തയുടെ ഭവനം കാത്തു കിടപ്പുണ്ടായിരുന്നു. 1543 ആയപ്പോഴേക്കും അവിടെ നൂറുകണക്കിന് സ്ത്രീകൾ എത്തി. കൊടുംപാപത്തിൽനിന്ന് വേർപെട്ടവരുടെ കൂട്ടായ്മ. ഓരോ ദിവസും അവിടെ അന്തേവാസികൾ കൂടിവന്നു. ഈ നാളുകളിൽ ഇഗ്നേഷ്യസും കൂട്ടരും ഈ ഭവനത്തിന്റെ നടത്തിപ്പ് എറ്റെടുക്കാൻ മുന്നോട്ടുവന്നു. ആരും തൊടാൻ മടിക്കുന്ന ഈ പ്രശ്നം ഇവർ ഏറ്റെടുത്തതോടുകൂടി രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരികരംഗത്തെ ഉന്നതർ സാഹായഹസ്തവുമായി ഇഗ്നേഷ്യസിനെ സമീപിച്ചു. 1543 ഫെബ്രുവരി 16-ന് പോൾ നാലാമൻ മാർപാപ്പ ഒരു പ്രഖ്യാപനത്തിലൂടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സാർവ്വത്രികമായ പിന്തുണയും പ്രഖ്യാപിച്ചു.

## ലാറ്ററൻ സുനഹദോസിനെതിരെ

നാലാം ലാറ്ററൻ സുനഹദോസിൽ ഉണ്ടായ ഒരു തീരുമാനം. അന്ത്യകൂദാശകളും വി. കുർബ്ബാനയും സ്വീകരിക്കാൻ വിസമ്മതിക്കുന്നവർക്ക് യാതൊരു രോഗീപരിചരണവും നൽകരുതെന്നുള്ള പ്രാകൃതനിയമം. പരിശുദ്ധ സിംഹാസനത്തെ ഭയന്ന് ഡോക്ടർമാർ രോഗികളെ പരിചരിക്കാത്ത അവസ്ഥ. ഇത് തിരുത്തപ്പെടേണ്ട ഒരു നിയമമാണെന്ന് ഇഗ്നേഷ്യസിന് തോന്നി. അതിനായി ചർച്ചകളും സംവാദങ്ങളും നടന്നു. 1543 ഫെബ്രുവരിയിൽ തുടങ്ങിയ പോരാട്ടം. അവസാനം അത് വിജയത്തിൽ കലാശിച്ചു.

## കറുത്തമരണം

ഫ്രാൻസുമായി നിരന്തരം ഉണ്ടായ യുദ്ധം. ഈ യുദ്ധത്തിന്റെ സന്തതിയായി കറുത്ത മരണമെന്ന പേരിൽ അറിയപ്പെട്ട ബ്ളറിന്റെ ആക്രമണം. ഇതിന്റെയെല്ലാം ഫലമായി അഭിശപ്തജനനങ്ങളും കൊടിയ ദാരിദ്ര്യവും. അനാഥരായ കുട്ടികളുടെ എണ്ണം കൂടിവന്നു. അനാഥരെയും കുട്ടികളെയും വിധവകളെയും സംരക്ഷിക്കാൻ ഇഗ്നേഷ്യസ് മുന്നോട്ട് ഇറങ്ങി.

## ആന്റീ ലൂഥർ

യുദ്ധവും ക്ഷാമവും ഭക്തിരാഹിത്യവും റോമാനഗരത്തെ അലട്ടുമ്പോൾ അങ്ങ് അകലെ മാർട്ടിൻ ലൂഥറും അനുയായികളും സഭയ്ക്കെതിരെ അഞ്ഞടിക്കാൻ ശക്തരായി ക്കഴിഞ്ഞിരുന്നു. അവർ നവീകരണത്തിന്റെ

പുത്തൻസിദ്ധാന്തങ്ങൾ പടുത്തുയർത്തി. ഇഗ്നേഷ്യസും കൂട്ടരും ഇതിനെതിരെ രംഗത്തെത്തി. അതുകൊണ്ടാവാം ഒരു ആന്റി ലൂഥറായി അദ്ദേഹം അറിയപ്പെടുന്നത്.

## ഇഗ്നേഷ്യസിന്റെ സംഭാവന

ഇഗ്നേഷ്യസിന്റെ പ്രാർത്ഥനയിൽനിന്നും ജീവിതരീതിയിൽ നിന്നും ഉയർന്നുവന്നതാണ് ഈശോസഭ. പ്രൊട്ടസ്റ്റന്റ് നവീകരണത്തിന് എതിരെയും റോമിലെ ക്ഷാമകാലത്തും ഇവർ നല്കിയ സംഭാവന നമ്മൾ കണ്ടുകഴിഞ്ഞു. ഇന്നും ഇത് തുടരുന്നു. ബാർബെ കോളേജിൽ ഒന്നിച്ചുതാമസിച്ചിരുന്ന പിയറി ഫ്ളാവ്റിയെ വിശുദ്ധ മറിയം മഗ്ദലനയുടെ തിരുനാൾദിനത്തിൽ അൾത്താരയിലേക്ക് കൈപിടിച്ചുയർത്താൻ ഇഗ്നേഷ്യസിന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചു. അദ്ദേഹം വാഴ്ത്തപ്പെട്ടവരുടെ പദവിലേക്ക് ഉയർത്തപ്പെട്ടു. ഈശോസഭ ലോകത്തിന് നൽകിയ മറ്റൊരു വലിയ സംഭാവനയാണ് വി. ഫ്രാൻസീസ് സേവ്യർ. 1540 മാർച്ച് 16 ന് ഇഗ്നേഷ്യസിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി സഭയെ പണിയുവാനായി അദ്ദേഹം ഇറങ്ങിത്തിരിച്ചു. ലിസ്ബണിൽ നിന്ന് ആരംഭിച്ചയാത്ര പതിമൂന്ന് മാസത്തിനുശേഷം ഗോവയുടെ തീരങ്ങളിൽ എത്തി. ഗോവ, തിരുവതാംകൂർ, കൊച്ചി എന്നീ സ്ഥലങ്ങളിലും ജപ്പാൻ, സിങ്കപ്പൂർ, ചൈന തുടങ്ങിയ രാജ്യങ്ങളിലും സുവിശേഷം പ്രസംഗിച്ചു. 1552 ഡിസംബർ 3-ാം തീയ്യതി സേവ്യർ മരിച്ചു. 1554ൽ പോൾ അഞ്ചാമൻ മാർപാപ്പ സേവ്യറിന് ധന്യപദവി നൽകി. 1622-ൽ ഗ്രിഗറി പതിനഞ്ചാമൻ മാർപാപ്പ വിശുദ്ധനായി പേരുവിളിച്ചു. വെനീസിൽവച്ച് കണ്ടുമുട്ടാനും ആശയപരമായ സംവാദങ്ങളിലേർപ്പെടാനും കഴിഞ്ഞ, പില്ക്കാലത്ത് പോൾ നാലാമൻ മാർപാപ്പയായി വിശുദ്ധ പത്രോസിന്റെ സിംഹാസനത്തോളം കയറിയെത്തിയ ജിയാൻ പിയാത്രോ കാരഫായും മറ്റൊരു സ്വാധീനമായിരുന്നു.

## ഒരു മടക്കയാത്ര

വർഷങ്ങൾ കടന്നുപോയി. ഇഗ്നേഷ്യസിന് പാരീസിലെ കാലാവസ്ഥ തീരെ പിടിക്കുന്നില്ല. ഒരു മടക്കയാത്ര എന്തുകൊണ്ടും ഫലം ചെയ്യുമെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. കുറച്ചു നാളുകളായി ഈ ചിന്ത ആദ്ദേഹത്തിന്റെ മനസ്സിലും മുളയെടുക്കാൻ തുടങ്ങിയിട്ട്. പണ്ട് വന്ന അസ്പേഷ്യാ തെരുവകളിലൂടെ ഒരു യാത്ര. സുഖലോലുപതയുടെയും യോദ്ധാവിന്റെയും വേഷമണിഞ്ഞ് ഒരിക്കൽ നാടിനെ ഇളക്കിമറിച്ച ആ നാട്ടിലൂടെ പരസ്നേഹപ്രവൃത്തികളാൽ പ്രചോദിതമായ ഒരു യാത്ര. ഈ യാത്ര അധികമാരും അറിയാതിരിക്കാൻ ഇഗ്നേഷ്യസ് ആഗ്രഹിച്ചു. എങ്കിലും കാട്ടുതീ പോലെ ഈ വാർത്ത ജന്മനാട്ടിലെത്തി. സഹോദരൻ മാർട്ടിൻ ഗ്രാസിയ, ചെറുപ്പത്തിൽ നഷ്ടപ്പെട്ട ഇഗ്നേഷ്യസിനെ ഭവനത്തിലേക്ക് തിരികെ കൊണ്ടുവരാൻ ഉദ്യമിച്ചു. അദ്ദേഹം രണ്ട് സായുധനായ ആളുകളെ വിട്ട് വഴിതെറ്റിക്കാൻ ശ്രമിച്ചു. എന്നാൽ പിന്നീട് ഇതിന് പിന്നിൽ പ്രവർത്തിച്ചത് തന്റെ ജ്യേഷ്ഠനാണെന്ന് ഇഗ്നേഷ്യസ് തിരിച്ചറിഞ്ഞു. ഒടുവിൽ ഈ യാത്ര അവസാനിച്ചത് സ്വന്തം ഭവനത്തിലായിരുന്നില്ല മറിച്ച് 'ലാ മാഗ്ദലീന' ആശുപത്രിയിലായിരുന്നു. പിന്നീടുള്ള ദിവസങ്ങളിൽ അസ്പേഷ്യയിലെ തെരുവുകളിൽ ഭിക്ഷയാചിച്ച് ജീവിച്ചു. കിട്ടിയ ഭക്ഷണവും പണവും ദരിദ്രർക്കായി വിതരണം ചെയ്തു. ഇതിന് ഇടയിൽ സഹോദരൻ മാർട്ടിൻ പലതവണ ലൊയോള ഭവനത്തിലേക്ക് ക്ഷണിച്ചു. എന്നാൽ വീട്ടിലേക്കു മാത്രം തിരികെ ചെന്നില്ല. കാരണം ആ പ്രഭുത്വവും സുഖലോലുപതയുമൊക്കെ പണ്ടേ ഉപേക്ഷിച്ചു കഴിഞ്ഞിരുന്നു. ലാ മാഗ്ദലീന പള്ളിയിൽ ഞായറാഴ്ചകളിൽ പ്രഭാഷണങ്ങൾ നടത്തി. ജനങ്ങൾ ദേവാലയത്തിൽ തിങ്ങിനിറഞ്ഞു. ജനം നിറഞ്ഞുകഴിഞ്ഞപ്പോൾ പുറത്ത് വലിയ തുറസ്സായ സ്ഥലങ്ങളിലായി പ്രസംഗം. വലിയ മരത്തിന്റെ മുകളിൽ കയറിയിരുന്ന് ഇഗ്നേഷ്യസ് അവരെ രക്ഷയെപ്പറ്റിയും മാനസാന്തരത്തെപ്പറ്റിയും പഠിപ്പിച്ചു.

## അന്ത്യദിനങ്ങൾ

1556 ഫെബ്രുവരി ആയപ്പോഴേക്കും ഇഗ്നേഷ്യസ് തീർത്തും അവശനായിക്കഴിഞ്ഞു. ഉദരസംബന്ധമായ രോഗം കൂടിവരുന്നു. രോഗബാധിതമായ കുടലും ആമാശയവും. ഭക്ഷണം കഴിക്കാൻ പറ്റാത്ത അവസ്ഥ. മാസങ്ങൾ ഇഴഞ്ഞു നീങ്ങി. ജൂലൈ 30. കാർമേഘങ്ങൾ ആകാശത്ത് ഇരുണ്ടുകൂടി കണ്ണുനീർ പൊഴിക്കാൻ തുടങ്ങി. പതിവിന് വിപരീതമായി അല്പം അത്താഴം കഴിച്ചു. തുടർന്ന് കിടക്കയിൽ കിടന്നുകൊണ്ട് സഭാപരമായ അല്പം ചർച്ച. പാതിരാത്രി ആയപ്പോഴേയ്ക്കും രംഗം പെട്ടെന്ന് മാറി. നാവിന്റെ ചലനശേഷി നഷ്ടപ്പെടാൻ തുടങ്ങി. ശരീരം തളർന്നു. 'എന്റെ ദൈവമേ... എന്റെ ദൈവമേ..' എന്ന് ഒന്നോ രണ്ടോ തവണ ഉച്ചരിച്ചു. ആ ശരീരത്തിൽനിന്ന് ഉയർന്നുവന്ന അവസാനത്തെ വാക്ക്.

അൾത്താരയിൽ വണക്കത്തിന്

ശക്തമായ പനിയെയും ഉദരരോഗത്തെയും തുടർന്ന് 1556 ജൂലൈ 31 ന് ഇഗ്നേഷ്യസ് ഇഹലോകവാസം വെടിഞ്ഞു. റോമിലെ ഇഗ്നേഷ്യസ് സഭയുടെ പരിശീലന കേന്ദ്രവും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്ന ജേസുവിൽ അദ്ദേഹത്തെ കബറടക്കി. "മിശിഹായുടെ ദിവ്യാത്മാവേ, എന്നെ ശുദ്ധീകരിക്കണമെ എന്റെ കർത്താവേ, എന്റെ സ്വാതന്ത്ര്യം മുഴുവനും അങ്ങ് എടുത്തുകൊള്ളുക"ഇത്യാദി പ്രാർത്ഥനകൾ വി. ഇഗ്നേഷ്യസിന്റെ ആദ്ധ്യാത്മികതീക്ഷ്ണതയ്ക്ക് തെളിവാണ്. "ദൈവത്തെ കൂടുതൽ സ്തുതിക്ക്" എന്ന വി. ഇഗ്നേഷ്യസിന്റെ മുദ്രവാക്യം എല്ലാവരുടെയും മുദ്രവാക്യമായിരിക്കേണ്ടതാണ്. 1609 ജൂലൈ 27ന് പോൾ അഞ്ചാമൻ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ പട്ടികയിലേയ്ക്ക് ഉയർത്തി. 1622 മാർച്ച് 13ന് ഗ്രിഗറി പതിനഞ്ചാമൻ മാർപാപ്പ ഇഗ്നേഷ്യസിനെ വിശുദ്ധനായി പ്രഖ്യാപിച്ചു.

പാഷണ്ഡികൾ സന്നിഹിതരായിരിക്കുമ്പോൾ നിത്യസത്യങ്ങൾ പ്രതിപാദിക്കുക സൂക്ഷിച്ചു വേണം. ഉപവിയുടെയും ക്രിസ്തീയ ആത്മനിയന്ത്രണത്തിന്റെയും മാതൃക അവർക്ക് കാണാൻ സാധിക്കണം. കഠിനപദങ്ങൾ ഉപയോഗിക്കരുത്. യാതൊരു പുച്ഛവും പ്രകാശിപ്പിക്കരുത്.

വിശുദ്ധ ഇഗ്നേഷ്യസ് ലൊയോളയേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...